(സി), (ഡി) അന്തിമ തീരുമാനം ഒന്നും എടുത്തിട്ടില്ല. ചില നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ സജീവ പരിഗണനയിലുണ്ട്.

വാഴൂർ ഗവൺമെൻറ് പ്രസ്സ്

95 [134] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, ശ്രീ. കെ. സുകുമാരനുണ്ണി;

,, കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂരിൽ പണിയാരംഭിച്ചിട്ടുള്ള ഗവൺമെൻറ് പ്രസ്സ് എന്നത്തേക്കു പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) എല്ലാ ജില്ലകളിലും ഗവൺമെൻറ് പ്രസ്സുകൾ സ്ഥാപിക്കുവാൻ ഗവൺമെൻറിനു ഇപ്പോൾ പരിപാടിയുണ്ടോ ?

ഉത്തരം

(എ) ഉദ്ദേശം രണ്ടു കൊല്ലംകൊണ്ട് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

(ബി) ഇല്ല.

പുതിയ ബസ് സർവ്വീസ്സുകൾ

96 [135] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാസ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുതിയ ബസ് സർവ്വീസ്സുകൾ അനുവദിക്കുന്നത് എന്തടിസ്ഥാനത്തിലാണ്;

(ബി) ഈ വർഷം എത്ര പുതിയ ബസ് സർവ്വീസ്സുകൾ ആരംഭിക്കുകയുണ്ടായി;

(സി) തിരുവല്ല നിയോജകമണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിനു മുമ്പു് ഒരു മാസത്തിനുള്ളിൽ തിരുവല്ല നിയോജകമണ്ഡലത്തിൽ കൂടി പോകത്തക്കവണ്ണം, ചെങ്ങന്നൂർ, തിരുവല്ല ഡിപ്പോകളിൽനിന്നും എത്ര സർവ്വീസ് ആരംഭിക്കുകയുണ്ടായി;

(ഡി) അവ ഏതെല്ലാം; ഇങ്ങനെ ആരംഭിച്ചതിൽ ഏതെങ്കിലും നിറുത്തലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) നിലവിലുള്ള സർവ്വീസ്സുകളുടെ അപര്യാപ്തത പൊതുജനങ്ങളുടെ അഭ്യർത്ഥനകൾ എന്നിവയും സർവ്വീസ് നടത്തിപ്പിന് ആവശ്യമായ വരുമാനം ലഭ്യമാണോ എന്നു തുടങ്ങിയ കാര്യങ്ങളും പരിഗണിച്ചാണ് പുതിയ ബസ് സർവ്വീസ്സുകൾ അനുവദിക്കുന്നത്.

(ബി) 1-1-1979 മുതൽ 1-8-1979 വരെ 80 (എൺപത്) പുതിയ സർവ്വീസ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(സി, ഡി) മുൻപറഞ്ഞ കാലയളവിൽ തിരുവല്ല ഡിപ്പോയിൽനിന്നും 4 പുതിയ സർവ്വീസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ചെങ്ങന്നൂരിൽനിന്നും ഒന്നുംആരംഭിച്ചിട്ടില്ല. അവയൊന്നും നിറുത്തലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly